(ഡി) സാങ്കേതിക തടസ്സം സംബന്ധിച്ച ഫയൽ സർക്കാർ പരിശോധിച്ചു വരികയാണ്.

(ഇ) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

കായംകുളം മണ്ഡലത്തിലെ കൂട്ടുവാതുക്കൽ കടവ് പാലം നിർമ്മാണം

170 (236) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം മണ്ഡലത്തിലെ കൂട്ടുവാതുക്കൽ കടവ് പാലം നിർമ്മാണത്തിനായി മരാമത്ത് വകുപ്പ് എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് സാമ്പത്തികാനുമതി ലഭ്യമാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ; എങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കുമോ ;

(സി) സാമ്പത്തികാനുമതി ലഭ്യമായിട്ടില്ലെങ്കിൽ എന്ന് ലഭ്യമാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്ത പ്രകാരം കായംകുളം മണ്ഡലത്തിലെ കൂട്ടുവാതുക്കൽ കടവ് പാലം നിർമ്മാണത്തിനായി 22.50 കോടി രൂപയുടെ (2009 SoR) റഫ്കോസ്റ്റ് എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്.

(ബി) ഇതിന്റെ ഭരണാനുമതിക്കായി ധനകാര്യ വകുപ്പിൽ ഫയൽ ലഭിച്ചിട്ടില്ല. സാങ്കേതികാനുമതി പൊതുമരാമത്ത് വകുപ്പിന് തന്നെ നൽകാവുന്നതാണ്.

(സി) ഇതിനായി ഭരണവകുപ്പിൽ നിന്നും ഇതുവരെ ശുപാർശ ലഭിച്ചിട്ടില്ല.

കോക്ലിയർ ഇംപ്ലാന്റ് ശസ്ത്രക്രിയക്കായി അനുവദിച്ച പലിശ രഹിത വായ്പ

171 (237) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാരുടെ ബധിരമൂകരായ കുട്ടികളുടെ കേൾവി/ സംസാരശേഷി ലഭിക്കുന്നതിനുള്ള കോക്ലിയർ ഇംപ്ലാൻസ് ശാസ്ത്രക്രിയക്കായി അനുവദിച്ച പലിശ രഹിത വായ്പ റീഇംപ്ലേസ്മെന്റ് ആയി അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് വകുപ്പിന് ലഭിച്ച അപേക്ഷകളിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) 19-6-2008-ലെ നമ്പർ 5330/എംഫിൻ/08, 28-6-2008-ലെ നമ്പർ 5586/എംഫിൻ/08 എന്നീ അപേക്ഷകളിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇത് സംബന്ധിച്ച് ആരോഗ്യ വകുപ്പിനോട് എന്തെല്ലാം രേഖകളാണ് ധനകാര്യവകുപ്പ് ആവശ്യപ്പെട്ടിട്ടുള്ളത് ; രേഖകൾ ലഭിക്കുന്നതിന് എന്തു തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഡി) മേൽപ്പറഞ്ഞ പലിശ രഹിത വായ്പ മെഡിക്കൽ റീഇംപേഴ്സ്മെന്റ് ആക്കുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ ;

(ഇ) ഇതു സംബന്ധിച്ച് തീരുമാനമെടുക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) Kerala Government Servent's Medical Attendence Rules-1960 (KGSMA Rules-1960) പ്രകാരം കോക്ളിയർ ഇംപ്ലാൻസ് ശസ്ത്രക്രിയയ്ക്ക് മെഡിക്കൽ റീഇംപേഴ്സ്മെന്റ് അനുവദനീയമല്ല. കോക്ളിയർ ഇംപ്ളാൻസ് ശസ്ത്രക്രിയയ്ക്ക് അനുവദിക്കുന്ന പലിശ രഹിത വായ്പ മെഡിക്കൽ റീംഇംപേഴ്സ്മെന്റ് ആയി അനുവദിക്കണമെന്ന നിർദ്ദേശത്തിൻമേൽ നടപടി കൈക്കൊള്ളുന്നതിലേക്കായി 16-12-2008-ൽ ആരോഗ്യ-കുടുംബക്ഷേമ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യവുമായി ബന്ധപ്പെട്ട് അനുയോജ്യമായ ശുപാർശ സമർപ്പിക്കുന്നതിനുവേണ്ടി ഒരു വിദഗ്ദ്ധ സമിതി ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ രൂപീകരിച്ചിട്ടുള്ളതായി ആരോഗ്യ-കുടുംബക്ഷേമ വകുപ്പ് 25-7-2009-ൽ അറിയിക്കുകയുണ്ടായി. ടി സമിതിയുടെ ശുപാർശ ഇതുവരെ ലഭ്യമായിട്ടില്ല.

(ബി) ടി ഫയലുകൾ പ്രകാരം മേൽപ്പടി നടപടി തുടർന്നുവരുന്നു.

(സി) ചികിത്സയുടെ ഫലമായി കേൾവിക്കുണ്ടാകുന്ന പുരോഗതി, ചികിത്സയ്ക്ക് ചെലവാകുന്ന വൻതുകയുടെ നിജസ്ഥിതി തുടങ്ങിയവ ഈ രംഗത്തെ വിദഗ്ദ്ധന്മാരോട് ആലോചിച്ച് കണക്കാക്കുക, ഗവൺമെന്റ് ആശുപത്രികളിൽ പ്രത്യേകിച്ച് മെഡിക്കൽ കോളേജുകളിൽ ഈ ശസ്ത്രക്രിയയ്ക്കു വേണ്ട സൗകര്യം ഒരുക്കുന്നതിനെപ്പറ്റി അഭിപ്രായം അറിയിക്കുക, കോക്ളിയർ ഇംപ്ളാന്റേഷൻ ശസ്ത്രക്രിയകളിൽ തുക വളരെ വലുതായതിനാൽ മെഡിക്കൽ റീഇംപേഴ്സ്മെന്റ് ക്ളെയിമിനുള്ള പരിധി നിശ്ചയിക്കുക തുടങ്ങി എല്ലാ കാര്യങ്ങളും പരിഗണിച്ച് നിർദ്ദേശം നൽകാൻ ആരോഗ്യ-കുടുംബക്ഷേമ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) KGSMA നിയമങ്ങൾ പ്രകാരം 'Life threatening disease' -നാണ് മെഡിക്കൽ റീഇംപേഴ്സ്മെന്റിന് അർഹതയുള്ളത്. എന്നാൽ ഇതൊരു 'Life threatening disease' ആയി പരിഗണിക്കപ്പെടുന്നില്ല. ആയതിനാൽ ഇതിനെ മെഡിക്കൽ റീഇംപേഴ്സ്മെന്റിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ഇ) ആരോഗ്യ-കുടുംബക്ഷേമ വകുപ്പിൽ നിന്നും ആരോഗ്യ വകുപ്പ് ഡയറക്ടറുടെ നേതൃത്വത്തിൽ രൂപീകരിച്ചിട്ടുള്ള വിദഗ്ദ്ധ സമിതിയുടെ ശുപാർശ ലഭ്യമാക്കുന്ന മുറയ്ക്ക് ഉചിതമായ നടപടി എടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly